# മധുരമായ കുട്ടികളേ – നിങ്ങളുടെ എല്ലാ ഖജനാക്കളും നിറക്കുന്നതിനായി ശിവബാബ വന്നിരിക്കുകയാണ്, ഖജനാവുകൾ നിറഞ്ഞു, കണ്ടകശനി അകന്നു എന്ന് പറയാറുണ്ടല്ലോ

**ചോദ്യം:–** ജ്ഞാനവാനായ കുട്ടികളുടെ ബുദ്ധിയിൽ ഏതൊരു കാര്യത്തിന്റെ നിശ്ചയമാണ് ഉറച്ചിരിക്കുന്നത്?
**ഉത്തരം:–** എന്നിൽ എന്ത് പാർട്ടാണോ ഉള്ളത് അത് ഒരിക്കലും മാഞ്ഞുപോവുകയോ ,നശിക്കുകയോ ഇല്ല എന്ന് അവർക്ക് ദൃഢനിശ്ചയമുണ്ടായിരിക്കും. ആത്മാവായ എന്നിൽ 84 ജന്മത്തിന്റെ പാർട്ട് അടങ്ങിയിരിക്കുന്നു, ബുദ്ധിയിൽ ഈ ജ്ഞാനമുണ്ടെങ്കിൽ ജ്ഞാനവാനാണ്. ഇല്ലെങ്കിൽ മുഴുവൻ ജ്ഞാനവും ബുദ്ധിയിൽ നിന്ന് ഇല്ലാതാകും.

**ഓം ശാന്തി**. ബാബ വന്ന് ആത്മീയ കുട്ടികളോട് എന്താണ് പറയുന്നത്? എന്ത് സേവനമാണ് ചെയ്യുന്നത്? ഈ സമയത്ത് ബാബ ഈ ആത്മീയ പഠിപ്പ് പഠിപ്പിക്കുന്നതിന്റെ സേവനം ചെയ്യുകയാണ് എന്നും നിങ്ങൾക്കറിയാം, അച്ഛന്റെയും, ടീച്ചറുടെയും ,ഗുരുവിന്റെയും പാർട്ടുണ്ട്. മൂന്ന് പാർട്ടും നല്ല രീതിയിൽ അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ബാബ അച്ഛനുമാണ്, സർവ്വർക്കും സദ്ഗതി നൽകുന്ന സദ്ഗുരുവുമാണ് എന്നും് നിങ്ങൾക്കറിയാം. ചെറിയവർക്കും വലിയവർക്കും, വൃദ്ധർക്കും യുവാക്കൾക്കും എല്ലാവരെയും ഒരേയൊരാൾ മാത്രമാണ് പഠിപ്പിക്കുന്നത്, ബാബ പരമമായ അച്ഛനും, പരമമായ ടീച്ചറുമാണ്. പരിധിയില്ലാത്ത പഠിപ്പ് നൽകുന്നു. ഞങ്ങൾക്ക് എല്ലാവരുടെയും ജീവചരിത്രം അറിയാമെന്ന് നിങ്ങൾ കോൺഫറൻസുകളിൽ മനസ്സിലാക്കിക്കൊടുക്കണം. പരമപിതാ പരമാത്മാവായ ശിവബാബയുടെ ജീവിത കഥയെക്കുറിച്ചും അറിയാം. നമ്പർവൈസായി എല്ലാം ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം. മുഴുവൻ വിരാടരൂപവും തീർച്ചയായും ബുദ്ധിയിലുണ്ടായിരിക്കണം. നമ്മളിപ്പോൾ ബ്രാഹ്മണനായി, പിന്നീട് ദേവതയാകുന്നു, ശേഷം ക്ഷത്രിയനും, വൈശ്യനും, ശൂദ്രനുമാകുന്നു. ഇതെല്ലാം കുട്ടികൾക്ക് ഓർമ്മയുണ്ടല്ലോ. നിങ്ങൾ കുട്ടികൾക്കല്ലാതെ വേറെ ഒരാൾക്കും ഇതൊന്നും ഓർമ്മയുണ്ടായിരിക്കുകയില്ല. ഉയർച്ചയുടെയും, പതനത്തിന്റെയും മുഴുവൻ രഹസ്യവും ബുദ്ധിയിലുണ്ടായിരിക്കണം. നമ്മൾ ഉയർന്ന അവസ്ഥയിലായിരുന്നു, പിന്നീട് പതനത്തിലേക്ക് വന്നു, ഇപ്പോൾ രണ്ടിന്റെയും ഇടയിലാണ്. ശൂദ്രനുമല്ല, എന്നാൽ പൂർണ്ണമായും ബ്രാഹ്മണനുമായിട്ടില്ല. അഥവാ ഇപ്പോൾ ഉറച്ച ബ്രാഹ്മണനാണെങ്കിൽ പിന്നീട് ശൂദ്രന്റെ കർത്തവ്യങ്ങൾ ചെയ്യാൻ പാടില്ല. ബ്രാഹ്മണനിലും പിന്നീട് ശൂദ്രന്റെ സ്വഭാവം വരുന്നു. ഇതും നിങ്ങൾക്കറിയാം – എപ്പോൾ മുതലാണ് പാപം ആരംഭിക്കുന്നത്? എപ്പോഴാണോ കാമചിതയിൽ വീണുപോകുന്നത് അപ്പോൾ മുതലാണ് പാപം ആരംഭിക്കുന്നത്.മുഴുവൻ ചക്രവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഏറ്റവും മുകളിൽ പരംപിതാ പരമാത്മാവായ ബാബ, പിന്നീട് നിങ്ങൾ ആത്മാക്കൾ. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ തീർച്ചയായും ഓർമ്മയുണ്ടായിരിക്കണം. ഇപ്പോൾ നമ്മൾ ബ്രാഹ്മണരാണ്, ദേവതയായി മാറിക്കൊണ്ടിരിക്കുകയാണ്, പിന്നീട് വൈശ്യ, ശൂദ്ര കുലത്തിൽ വരുന്നു. ബാബ വന്ന് നമ്മളെ ശൂദ്രനിൽനിന്ന് ബ്രാഹ്മണനാക്കി മാറ്റുന്നു, പിന്നീട് നമ്മൾ ബ്രാഹ്മണനിൽ നിന്നും ദേവതയായി മാറുന്നു. ബ്രാഹ്മണനായി മാറി പിന്നീട് കർമ്മാതീത അവസ്ഥ പ്രാപ്തമാക്കുമ്പോൾ തിരിച്ച് പോകുന്നു. നിങ്ങൾക്ക് ബാബയേയും അറിയാം. കരണം മറിച്ചിലിന്റെ കളി അഥവാ 84 ജന്മങ്ങളുടെ ചക്രത്തെക്കുറിച്ചും നിങ്ങൾക്കറിവുണ്ട്. കരണം മറിച്ചിലിന്റെ കളിയിലൂടെ നിങ്ങൾക്ക് വളരെ എളുപ്പം മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും.ഈ അറിവ് നിങ്ങളെ വളരെ ഭാരരഹിതരാക്കുന്നു അതുകൊണ്ട് സ്വയം ബിന്ദുവാണെന്ന് മനസ്സിലാക്കി പെട്ടെന്ന് തിരിച്ചുപോകാൻ കഴിയുന്നു. വിദ്യാർത്ഥികൾ ക്ലാസ്സിലിരിക്കുമ്പോൾ പഠിപ്പിനെയാണ് ഓർമ്മിച്ചുകൊണ്ടിരിക്കുക. നിങ്ങൾക്കും ഈ പഠിപ്പ് ഓർമ്മയുണ്ടായിരിക്കണം. ഇപ്പോൾ നമ്മൾ സംഗമയുഗത്തിലാണ്, വീണ്ടും ഇതുപോലെ ചക്രം കറങ്ങും. ഈ ചക്രം സദാ ബുദ്ധിയിൽ കറക്കിക്കൊണ്ടിരിക്കണം. ഈ ചക്രത്തെക്കുറിച്ചുള്ള അറിവ് ശൂദ്രരുടെ പക്കലില്ല, ജ്ഞാനം നിങ്ങൾ ബ്രാഹ്മണരുടെ പക്കലാണുള്ളത്. ദേവതകളുടെ അടുത്തും ഈ ജ്ഞാനമില്ല. ഭക്തിമാർഗത്തിൽ ഏതെല്ലാം ചിത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ അതെല്ലാം തെറ്റാണെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. നിങ്ങളുടെയടുത്ത് കൃത്യമായചിത്രങ്ങൾ ഉണ്ട്. കാരണം നിങ്ങൾ കൃത്യതയുള്ളവരായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചിരിക്കുന്നു, ഭക്തിയെന്ന് എന്തിനെയാണ് പറയുന്നത്, ജ്ഞാനമെന്ന് എന്തിനെയാണ് പറയുന്നത് എന്നിപ്പോൾ മനസ്സിലായി. ജ്ഞാനം നൽകുന്ന ജ്ഞാനസാഗരനായ ബാബയെ ഇപ്പോൾ ലഭിച്ചിരിക്കുന്നു. സ്ക്കൂളിൽ പഠിക്കുമ്പോൾ ലക്ഷ്യത്തെക്കുറിച്ച് അറിയുമല്ലോ. ഭക്തിയിൽ ലക്ഷ്യം ഉണ്ടായിരിക്കുകയില്ല. നമ്മൾ ഉയർന്ന ദേവീ–ദേവതകളായിരുന്നു, പിന്നീട് താഴെ വീണു എന്നതിനെക്കുറിച്ച് നിങ്ങൾക്ക് അറിയുമായിരുന്നില്ല. എപ്പോഴാണോ ബ്രാഹ്മണനായി മാറിയത് അപ്പോൾ എല്ലാം മനസ്സിലായി.

മുൻപും ബ്രഹ്മാകുമാർ – കുമാരിമാർ ഉണ്ടായിരുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ പേര് പ്രസിദ്ധമാണ്. പ്രജാപിതാവ് മനുഷ്യനാണല്ലോ. അദ്ദേഹത്തിന് ഇത്രയും അധികം കുട്ടികളുണ്ടെങ്കിൽ അവർ തീർച്ചയായും ദത്തെടുക്കപ്പെട്ടവരാണ്. ദത്തെടുക്കപ്പെട്ടവർ എത്രയാണ്? ആത്മാവിന്റെ രൂപത്തിൽ എല്ലാവരും സഹോദര– സഹോദരങ്ങളാണ്. ഇപ്പോൾ നിങ്ങളുടെ ബുദ്ധി വളരെ ദൂരേക്ക് പോകുന്നു. എങ്ങനെയാണ് മുകളിൽ നക്ഷത്രങ്ങൾ നിൽക്കുന്നതെന്ന് നിങ്ങൾക്കറിയാം. ദൂരെനിന്നും വളരെ ചെറുതായി കാണപ്പെടുന്നു. നിങ്ങളും വളരെ ചെറിയ ആത്മാക്കളാണ്. ആത്മാവ് ഒരിക്കലും വലുതും, ചെറുതുമാകുന്നില്ല. തീർച്ചയായും നിങ്ങളുടെ പദവി വളരെ ഉയർന്നതാണ്. അവരെയും സൂര്യദേവതയെന്നും, ചന്ദ്രദേവതയെന്നും പറയുന്നു. അച്ഛൻ സൂര്യൻ, അമ്മ ചന്ദ്രൻ എന്ന് പറയുന്നു. ബാക്കി എല്ലാ ആത്മാക്കളും തിളങ്ങുന്ന നക്ഷത്രങ്ങളാണ്. അപ്പോൾ ആത്മാക്കളെല്ലാം ഒരുപോലെ ചെറുതാണ്. ഇവിടെ വന്ന് പാർട്ട് ധാരിയാകുന്നു. നിങ്ങളാണ് ദേവതകളായി മാറുന്നത്.

നമ്മൾ വളരെ ശക്തിശാലികളായി മാറിക്കൊണ്ടിരിക്കുകയാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ നമ്മൾ സതോപ്രധാന ദേവതയായി മാറുന്നു. സംഖ്യാക്രമമനുസരിച്ച് ചെറിയ – ചെറിയ വ്യത്യാസമുണ്ടായിരിക്കും. ചില ആത്മാക്കൾ പവിത്രമായി മാറി സതോപ്രധാന ദേവതയായി മാറുന്നു, ചിലർ പൂർണ്ണമായും പവിത്രമായി മാറുന്നില്ല. ജ്ഞാനത്തെക്കുറിച്ച് അൽപം പോലും അറിയുന്നില്ല. ബാബയുടെ പരിചയം തീർച്ചയായും എല്ലാവർക്കും ലഭിക്കണമെന്ന് ബാബ മനസ്സിലാക്കിത്തരുന്നു. ബാബയെ അറിയണമല്ലോ. ബാബ വന്നിരിക്കുകയാണ് എന്ന് വിനാശത്തിന്റെ സമയത്ത് എല്ലാവർക്കും അറിയാൻ സാധിക്കും. തീർച്ചയായും ഭഗവാൻ എവിടെയോ വന്നിട്ടുണ്ട്, എന്നാൽ എവിടെയാണെന്ന് അറിയില്ല എന്ന് ഇപ്പോഴും ചിലർ പറയുന്നുണ്ട്. ഏതെങ്കിലും രൂപത്തിൽ വരുമെന്ന് മനസ്സിലാക്കുന്നു. അനേകം മനുഷ്യമതങ്ങളുണ്ടല്ലോ, നിങ്ങളുടേത് ഒരേയൊരു ഈശ്വരീയ മതമാണ്. നിങ്ങൾ ഈശ്വരീയമതത്തിലൂടെ എന്തായി മാറുന്നു? ഒന്ന് മനുഷ്യമതം, രണ്ടാമത് ഈശ്വരീയമതം, മൂന്നാമത് ദേവതാമതം. ദേവതകൾക്കും മതം നൽകിയതാരാണ്? ബാബ. ബാബയുടെ ശ്രീമതം ശ്രേഷ്ഠമാക്കി മാറ്റുന്നതാണ്. ശ്രീ ശ്രീ എന്ന് ബാബയെയാണ് പറയുന്നത്, മനുഷ്യനെയല്ല. ശ്രീ ശ്രീ വന്ന് ശ്രീയാക്കി മാറ്റുന്നു. ബാബ തന്നെയാണ് ദേവതകളെ ശ്രേഷ്ഠമാക്കി മാറ്റുന്നത്, ബാബയെയാണ് ശ്രീ ശ്രീയെന്ന് പറയുന്നത്. ഞാൻ നിങ്ങളെ അതുപോലെ യോഗ്യതയുള്ളവരാക്കി മാറ്റുന്നുവെന്ന് ബാബ പറയുന്നു. മറ്റുള്ളവർ പിന്നീട് സ്വയം ശ്രീ ശ്രീ എന്ന ടൈറ്റിൽ വെയ്ക്കുന്നു. കോൺഫറൻസിലൂടെ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. നിങ്ങൾ മനസ്സിലാക്കി കൊടുക്കാൻ നിമിത്തമായവരാണ്. നിങ്ങളെ ഇങ്ങനെയുള്ള ശ്രീ ദേവതയാക്കി മാറ്റുന്ന ഒരേയൊരു ശിവബാബ മാത്രമാണ് ശ്രീ ശ്രീ. മറ്റുള്ള ജനങ്ങൾ ശാസ്ത്രം മുതലായ പഠിപ്പുകൾ പഠിച്ച് ടൈറ്റിൽ എടുത്തുവരികയാണ്. നിങ്ങളെയാണെങ്കിൽ ശ്രീ ശ്രീ ശിവബാബയാണ് ശ്രീ അർത്ഥം ശ്രേഷ്ഠരാക്കി മാറ്റികൊണ്ടിരിക്കുന്നത്. ഇത് തമോപ്രധാന ഭ്രഷ്ടാചാരി ലോകമാണ്. ഭ്രഷ്ടാചാരികളിൽ നിന്നാണ് ജന്മമെടുക്കുന്നത്. ബാബയുടെ ടൈറ്റിലെവിടെ, പതിത മനുഷ്യർ സ്വയം വെച്ചിരിക്കുന്ന ടൈറ്റിലെവിടെ. സത്യം സത്യമായ മഹാൻ ആത്മാക്കളാണല്ലോ ദേവി ദേവതകൾ. സതോപ്രധാന ലോകത്തിൽ ഒരു പതിത മനുഷ്യനും ഉണ്ടാകുക സാധ്യമല്ല. രജോയിൽ രജോ മനുഷ്യരാണുണ്ടാവുക, തമോഗുണിയല്ല. വർണ്ണത്തെക്കുറിച്ച് പാടാറുണ്ടല്ലോ. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി, മുമ്പ് നമുക്കൊന്നും മനസ്സിലായിരുന്നില്ല. ഇപ്പോൾ ബാബ നമ്മളെ വളരെ വിവേകശാലികളാക്കി മാറ്റിയിരിക്കുന്നു. നിങ്ങൾ വളരെ വലിയ ധനവാനായി മാറുന്നു. ശിവബാബയുടെ ഭണ്ഡാരം നിറഞ്ഞിരിക്കുന്നു. ഏതാണ് ശിവബാബയുടെ ഭണ്ഡാരം? (അവിനാശി ജ്ഞാനരത്നങ്ങളുടെ) ശിവബാബയുടെ ഭണ്ഡാരം നിറഞ്ഞാൽ കഷ്ടത ദൂരെയാകുന്നു. ബാബ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനരത്നങ്ങൾ നൽകുകയാണ്. സ്വയം സാഗരമാണ്. ജ്ഞാനരത്നങ്ങളുടെ സാഗരം. കുട്ടികളുടെ ബുദ്ധി പരിധിയില്ലാത്തതിലേക്ക് പോകണം. ഇത്രയും കോടിക്കണക്കിന് ആത്മാക്കൾ എല്ലാവരും തന്റെ ശരീരമാകുന്ന സിംഹാസനത്തിൽ ഇരിക്കുന്നവരാണ്, ഇതിനെ പ്രകൃതിയെന്ന് പറയുന്നു. ഓരോരുത്തർക്കും എങ്ങനെയുള്ള അവിനാശി പാർട്ടാണ്? ഇത്രയും ചെറിയ ആത്മാവിൽ 84 ജന്മത്തിന്റെ റെക്കോർഡ് നിറഞ്ഞിരിക്കുന്നു. അതിസൂക്ഷ്മമാണ്. ഇതിലും സൂക്ഷ്മമായ അത്ഭുതം വേറെ ഉണ്ടായിരിക്കുകയില്ല. ഇത്രയും ചെറിയ ആത്മാവിൽ മുഴുവൻ പാർട്ടും അടങ്ങിയിരിക്കുന്നു, ഇവിടെ തന്നെയാണ് പാർട്ടഭിനയിക്കുന്നത്. സൂക്ഷ്മവതനത്തിൽ പാർട്ടൊന്നും അഭിനയിക്കുന്നില്ല. ബാബ വളരെ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. ബാബയിലൂടെ നിങ്ങൾ എല്ലാ കാര്യങ്ങളും മനസ്സിലാക്കുന്നു. ഇതാണ് ജ്ഞാനം. എല്ലാവരുടെയും ഉള്ളറിയുന്നവൻ എന്നൊന്നുമല്ല. ഏത് ജ്ഞാനമാണോ നിങ്ങളിൽ ഉണർത്തുന്നത്, ആ ജ്ഞാനത്തെ അറിയുന്നു. ഈ ജ്ഞാനത്തിലൂടെയാണ് നിങ്ങൾ ഇത്രയും ഉയർന്ന പദവി നേടുന്നത്. ഇതും മനസ്സിലായല്ലോ. ബാബ ബീജരൂപനാണ്. ബാബയിൽ വൃക്ഷത്തിന്റെ ആദി, മദ്ധ്യ, അന്ത്യത്തിന്റെ അറിവുണ്ട്. മനുഷ്യർ ലക്ഷക്കണക്കിന് വർഷത്തിന്റെ ആയുസ്സ് നൽകിയിരിക്കുന്നു, അതുകൊണ്ട് ജ്ഞാനം

വരിക സാധ്യമല്ല. ഇപ്പോൾ നിങ്ങൾക്ക് ഈ സംഗമയുഗത്തിൽ ഈ മുഴുവൻ ജ്ഞാനവും ലഭിച്ചുകൊണ്ടിരിക്കുന്നു. ബാബയിലൂടെ നിങ്ങൾ മുഴുവൻ ചക്രത്തെക്കുറിച്ചും മനസ്സിലാക്കി. ഇതിന് മുമ്പ് നിങ്ങൾക്ക് ഒന്നും അറിയുമായിരുന്നില്ല. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്. പുരുഷാർത്ഥം ചെയ്ത് ചെയ്ത് പിന്നീട് നിങ്ങൾ പൂർണ്ണമായും ബ്രാഹ്മണനായി മാറുന്നു. ഇപ്പോൾ ആയിട്ടില്ല. ഇപ്പോഴാണെങ്കിൽ നല്ല നല്ല കുട്ടികൾ പോലും ബ്രാഹ്മണനിൽ നിന്നും ശൂദ്രനായി മാറുന്നുണ്ട്. മായയോട് തോൽക്കുക എന്ന് ഇതിനെയാണ് പറയുന്നത്. ബാബയുടെ മടിയിൽ നിന്നും തോറ്റ് മായയുടെ മടിയിലേയ്ക്ക് പോകുന്നു. ബാബയുടെ ശ്രേഷ്ഠമാകുന്നതിന്റെ മടിത്തട്ട് എവിടെക്കിടക്കുന്നു, ഭ്രഷ്ടമാകുന്നതിന്റെ മടിത്തട്ട് എവിടെക്കിടക്കുന്നു. സെക്കന്റിൽ ജീവൻമുക്തി, സെക്കന്റിൽ പൂർണ്ണമായും ദുർദശയും ഉണ്ടാകുന്നു. എങ്ങനെയാണ് ദുർദശ ഉണ്ടാകുന്നതെന്ന് ബ്രാഹ്മണകുട്ടികൾ നല്ല രീതിയിൽ മനസ്സിലാക്കുന്നു. ഇന്ന് ബാബയുടേതായി മാറുന്നു, നാളെ പിന്നീട് മായയുടെ കൈകളിൽ അകപ്പെട്ട് രാവണന്റേതായി മാറുന്നു. പിന്നീട് നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി പരിശ്രമിക്കുന്നുണ്ടെങ്കിലും ചിലർ രക്ഷപ്പെടുന്നു. അകപ്പെട്ടുപോയശേഷം രക്ഷപ്പെടാനുള്ള പരിശ്രമം ചെയ്യുന്നത് നിങ്ങൾ കാണുന്നുണ്ട്. വളരെയധികം പരിശ്രമിക്കുന്നു.

ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. ഇവിടെ നിങ്ങൾ സ്ക്കൂളിൽ പഠിക്കുകയാണല്ലോ. നമ്മളെങ്ങനെയാണ് ഈ സൃഷ്ടിചക്രം കറങ്ങുന്നതെന്ന് നിങ്ങൾക്കറിയാം. ഇങ്ങനെ ഇങ്ങനെയെല്ലാം ചെയ്യൂ എന്ന് നിങ്ങൾക്ക് ശ്രീമതം ലഭിച്ചിരിക്കുന്നു. തീർച്ചയായും ഭഗവാനുവാചയാണ്. ബാബയുടെ ശ്രീമതമാണല്ലോ. ഞാൻ നിങ്ങൾ കുട്ടികളെ ഇപ്പോൾ ശൂദ്രനിൽ നിന്ന് ദേവതയാക്കി മാറ്റാൻ വന്നിരിക്കുകയാണ്. ഇപ്പോൾ കലിയുഗത്തിലാണ് ശൂദ്ര സമ്പ്രദായമുള്ളത്. കലിയുഗം ഇപ്പോൾ പൂർത്തിയായി കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾക്കറിയാം. നിങ്ങൾ സംഗമത്തിലിരിക്കുകയാണ്. ബാബയിലൂടെ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചിരിക്കുന്നു. ഏതെല്ലാം ശാസ്ത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ അതെല്ലാം മനുഷ്യ മതമാണ്. ഈശ്വരൻ ശാസ്ത്രം ഉണ്ടാക്കുന്നില്ല. ഒരു ഗീതയുടെ മേൽ തന്നെ എത്രയധികം പേരുകളാണ് വെച്ചിരിക്കുന്നത്. ഗാന്ധി ഗീത, ടാഗോർ ഗീത മുതലായവ. അനേകം പേരുകളുണ്ട്. എന്തുകൊണ്ടാണ് മനുഷ്യർ ഗീത ഇത്രയധികം പഠിക്കുന്നത്? ഒന്നും മനസ്സിലാക്കുന്നില്ല. അധ്യായങ്ങളെടുത്ത് അവരവർക്ക് യോജിക്കുന്ന രീതിയിൽ അർത്ഥം ഉണ്ടാക്കുന്നു. അതെല്ലാം മനുഷ്യർ ഉണ്ടാക്കിയതാണല്ലോ. മനുഷ്യ മതത്താൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഗീത പഠിക്കുന്നതു കൊണ്ട് ഇന്ന് ഈ അവസ്ഥ ഉണ്ടായി എന്ന് നിങ്ങൾക്ക് പറയാൻ സാധിക്കും. ആദ്യ നമ്പറിലുള്ള ശാസ്ത്രമാണല്ലോ ഗീത. അത് ദേവീ-ദേവതാ ധർമ്മത്തിന്റെ ശാസ്ത്രമാണ്. ഇത് നിങ്ങളുടെ ബ്രാഹ്മണകുലവും, ബ്രാഹ്മണധർമ്മവുമാണല്ലോ. എത്ര ധർമ്മങ്ങളാണ്, ആരെല്ലാം ഏതെല്ലാം ധർമ്മങ്ങളാണോ രചിക്കുന്നത് അവർക്ക് ആ പേര് വെയ്ക്കുന്നു. ജൈനന്മാർ മഹാവീരനെന്ന് പറയുന്നു. നിങ്ങൾ കുട്ടികൾ എല്ലാവരും മഹാവീരരും, മഹാവീരണികളുമാണ്. ക്ഷേത്രങ്ങളിൽ നിങ്ങളുടെ ഓർമ്മചിഹ്നമുണ്ട്. രാജയോഗമാണല്ലോ. താഴെ യോഗതപസ്യയിലിരിക്കുന്നു, മുകളിൽ രാജാവിന്റെ ചിത്രവുമുണ്ട്. രാജയോഗത്തിന്റെ കൃത്യമായ ക്ഷേത്രമാണ്. പിന്നീട് ചിലർ ഒരു പേര് വെക്കുന്നു,ചിലർ മറ്റൊരുപേര് വെക്കുന്നു... ഓർമ്മചിഹ്നം തികച്ചും കൃത്യമാണ്, ബുദ്ധി പ്രവർത്തിപ്പിച്ച് നന്നായി ഉണ്ടാക്കി പിന്നീട് ആര് എന്ത് പേരാണോ പറയുന്നത് ആ പേര് വയ്ക്കുന്നു. ഇത് മോഡലിന്റെ രൂപത്തിൽ ഉണ്ടാക്കിയതാണ്. സ്വർഗവും, രാജയോഗവും സംഗമയുഗത്തിൽ ഉണ്ടാക്കപ്പെട്ടതാണ്. നിങ്ങൾക്ക് ആദി, മദ്ധ്യ, അന്ത്യത്തെക്കുറിച്ച് അറിയാം. നിങ്ങൾ ആദിയും കണ്ടിട്ടുണ്ട്. ആദിയെന്ന് സത്യയുഗത്തെയാണോ അഥവാ സംഗമയുഗത്തെയാണോ പറയുക? സംഗമയുഗത്തിന്റെ സീൻ താഴെ കാണിച്ചിരിക്കുന്നു പിന്നെ രാജപദവിയുടെ മുകളിലും കാണിച്ചിരിക്കുന്നു. അപ്പോൾ സത്യയുഗം ആദിയും, ദ്വാപരയുഗം മദ്ധ്യവുമാണ്. അന്ത്യവും നിങ്ങൾ കണ്ടിട്ടുണ്ട്. ഇതെല്ലാം അവസാനിക്കാൻ പോകുന്നതാണ്. പൂർണ്ണമായ ഓർമ്മചിഹ്നം ഉണ്ടാക്കിയിട്ടുണ്ട്. ദേവീ- ദേവതകളാണ് പിന്നീട് വാമമാർഗത്തിലേയ്ക്ക് പോകുന്നത്. ദ്വാപരയുഗം മുതൽ വാമമാർഗം ആരംഭിക്കുന്നു. ഓർമ്മചിഹ്നം പൂർണ്ണമായും കൃത്യമാണ്. ഓർമ്മചിഹ്നത്തിൽ അനേക ക്ഷേത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എല്ലാ അടയാളങ്ങളും ഇവിടെ തന്നെയാണുള്ളത്. ക്ഷേത്രങ്ങൾ ഇവിടെത്തന്നെയാണ് ഉണ്ടാക്കുന്നത്. ദേവീ-ദേവതകളായിരുന്ന ഭാരതവാസികൾ തന്നെയാണ് രാജ്യം ഭരിച്ചുപോയത്. അതിനുശേഷം എത്ര ക്ഷേത്രങ്ങളാണ് ഉണ്ടാക്കിയത്. സിക്കുധർമ്മത്തിലുള്ളവർ ധാരാളമുണ്ടെങ്കിൽ അവർ അവരുടെ ക്ഷേത്രങ്ങളുമുണ്ടാക്കും. പട്ടാളത്തിലുള്ളവരും അവരുടേതായ ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഭാരതവാസികൾ കൃഷ്ണന്റെയും, ലക്ഷ്മീനാരായണന്റെയും ക്ഷേത്രമുണ്ടാക്കുന്നു. ഹനുമാന്റെയും, ഗണപതിയുടെയും ക്ഷേത്രങ്ങളും ഉണ്ടാക്കുന്നുണ്ട്. ഈ മുഴുവൻ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്?, എങ്ങനെയാണ് സ്ഥാപിക്കുന്നത്?, വിനാശം, പാലന ഇതെല്ലാം നിങ്ങൾക്കുമാത്രമേ അറിയുകയുള്ളൂ. ഈ സമയത്തെയാണ് അജ്ഞതയാകുന്ന ഇരുട്ട് എന്ന് പറയുന്നത്. ബ്രഹ്മാവിന്റെ

പകലിനെയും, രാത്രിയേയും കുറിച്ചാണ് പാടാറുള്ളത്. കാരണം ബ്രഹ്മാവു തന്നെയാണ് ചക്രത്തിലേക്ക് വരുന്നത്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരാണ്, പിന്നീട് ദേവതയായിമാറുന്നു. മുഖ്യമായത് ബ്രഹ്മാവാണ്. ബ്രഹ്മാവാണെന്നു പറയണോ അതോ വിഷ്ണുവാണെന്നു പറയണോ. ബ്രഹ്മാവ് രാത്രിയിലും, വിഷ്ണു പകലിലുമാണ്. ബ്രഹ്മാവു തന്നെയാണ് രാത്രിയിൽ നിന്നും പകലിലേക്ക് വരുന്നത്. പകലിൽ നിന്നും 84 ജന്മങ്ങൾക്കുശേഷം രാത്രിയാകുന്നു. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. ഇതു പോലും പൂർണമായ രീതിയിൽ ഓർമ്മിക്കാൻ സാധിക്കുന്നില്ല. നല്ല രീതിയിൽ പഠിക്കുന്നില്ലെങ്കിൽ നമ്പർ വൈസ് പുരുഷാർത്ഥമനുസരിച്ച് പദവി ലഭിക്കുന്നു. എത്രത്തോളം ഓർമ്മിക്കുന്നുണ്ടോ അത്രയും സതോപ്രധാനമായി മാറുന്നു. സതോ പ്രധാനത്തിൽ നിന്നും ഭാരതം തമോപ്രധാനമായി മാറി. കുട്ടികളിൽ എത്ര ജ്ഞാനമാണുള്ളത്. ഈ ജ്ഞാനത്തെ സ്മരിക്കണം. പരിധിയില്ലാത്ത ബാബ നൽകുന്ന ജ്ഞാനം പുതിയ ലോകത്തിലേക്കുള്ളതാണ്. എല്ലാ മനുഷ്യരും പരിധിയില്ലാത്ത ബാബയെയാണ് ഓർമ്മിക്കുന്നത്. വിദേശീയരും പറയും, അല്ലയോ ഗോഡ് ഫാദർ, ലിബറേറ്റർ, ഗൈഡ്.. ഇതിന്റെ അർഥം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ബാബ വന്ന് ദുഃഖത്തിന്റെ ലോകമായ ഇരുമ്പ് യുഗത്തിൽ നിന്നും പുറത്തുകൊണ്ടുവന്ന് സ്വർണിമയുഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. സ്വർണിമയുഗം കഴിഞ്ഞുപോയി. അതുകൊണ്ടാണ് ഓർമ്മിക്കുന്നത്. നിങ്ങൾ കുട്ടികളുടെ ഉള്ളിൽ വളരെയധികം സന്തോഷമുണ്ടായിരിക്കണം, ദൈവീകമായ കർമ്മവും ചെയ്യണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും ,പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും ,സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയിൽ നിന്നും ലഭിച്ച അവിനാശിയായ ജ്ഞാനരത്നങ്ങളുടെ നശിക്കാത്ത ഖജനാവിനെ ഓർമ്മയിൽ വെച്ച് ബുദ്ധിയെ പരിധിയില്ലാത്തിലേക്ക് കൊണ്ടുപോകണം. ഈ പരിധിയില്ലാത്ത നാടകത്തിൽ എങ്ങനെയാണോ ആത്മാക്കൾ അവരവരുടെ സിംഹാസനത്തിൽ ഇരുന്ന് പാർട്ട് അഭിനയിക്കുന്നത്, ഈ കളിയെ സാക്ഷിയായിരുന്ന് കാണണം.

2) സദാ ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം -ഞാൻ സംഗമയുഗീ ബ്രാഹ്മണനാണ്, എനിക്ക് ബാബയുടെ ശ്രേഷ്ഠമായ മടിത്തട്ട് ലഭിച്ചു. എനിക്ക് രാവണന്റെ മടിയിലേക്ക് പോകാൻ സാധിക്കുകയില്ല. മുങ്ങിപ്പോകുന്നവരെ രക്ഷിക്കുക എന്നതാണ് എന്റെ കർത്തവ്യം.

## വരദാനം-വ്യർത്ഥസങ്കൽപങ്ങളാകുന്ന തൂണുകളെ ആധാരമാക്കുന്നതിനുപകരം,സർവ്വ സംബന്ധങ്ങളിലൂടെയുമുള്ള അനുഭവങ്ങളെ വർദ്ധിപ്പിക്കുന്ന സത്യമായ സ്നേഹിയായി ഭവിക്കട്ടെ.

ദുർബല സങ്കൽപങ്ങളെ ശക്തമാക്കുന്നതിനായി മായ വളരെ ആകർഷണംനിറഞ്ഞ തൂണുകൾ മുന്നിൽ കൊണ്ടുവരും.ഇതൊക്കെ സംഭവിക്കാറുള്ളതുതന്നെയാണ്..വളരെ മുതിർന്നവർ പോലും ഇങ്ങനെ ചെയ്തിട്ടുണ്ട്..ഇതുവരേക്കും സമ്പൂർണ്ണമായിട്ടൊന്നുമില്ലല്ലോ..ചില ദുർബലതകളൊക്കെ എന്തായാലും ഉണ്ടാവും.. ഇങ്ങിനെയുള്ള സങ്കൽപങ്ങൾ മായ വീണ്ടും വീണ്ടും കൊണ്ടുവരും.ഇത്തരം വ്യർത്ഥസങ്കൽപങ്ങളാകുന്ന തൂണുകൾ ദുർബലതകളെ കൂടുതൽ ശക്തമാക്കുന്നു.ഇപ്പോൾ ഇങ്ങിനെയുള്ള തൂണുകളെ ആശ്രയിക്കുന്നതിനുപകരം ബാബയുമായി സർവ്വസംബന്ധങ്ങളുടെയും അനുഭവത്തെ വർദ്ധിപ്പിക്കൂ..സാകാര രൂപത്തിലും ബാബയുടെ കൂട്ടിന്റെ അനുഭവം ചെയ്യുന്ന സത്യമായ സ്നേഹികളായി മാറൂ..

## സ്ലോഗൻ:- സന്തുഷ്ടത വളരെ വലിയ ഗുണമാണ്.സദാ സന്തുഷ്ടരായി ഇരിക്കുന്നവർ തന്നെയാണ് പ്രഭുപ്രിയരും,ലോകപ്രിയരും,സ്വയംപ്രിയരുമായി മാറുന്നത്.